# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4263** — **12.11.2019 ൽ മറുപടിയ്ക്ക്**

## വൈദ്യുതി വകുപ്പിന്റെ നേതൃത്വത്തിൽ സോളാർ പാനൽ സ്ഥാപിക്കുന്ന പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം** | | **ശ്രീ. എം. എം. മണി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | വൈദ്യുതി വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ, കെട്ടിടങ്ങൾ എന്നിവിടങ്ങളിൽ സോളാർ പാനൽ സ്ഥാപിക്കുന്ന പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ; | (എ) (ബി) & (സി) | വൈദ്യുതി വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ, കെട്ടിടങ്ങൾ എന്നിവിടങ്ങളിൽ സോളാർ പാനൽ സ്ഥാപിക്കുന്ന പദ്ധതി നിലവിലുണ്ട്. പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രകാരം കെ. എസ്.ഇ.ബി.എൽ 5.7 മെഗാവാട്ടും ഗ്രൗണ്ട് മൗണ്ടഡ് പദ്ധതി പ്രകാരം കെ.എസ്.ഇ.ബി.എൽ 9.5 മെഗാവാട്ടും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 1.12 മെഗാവാട്ടിന്റെ പുരപ്പുറ സൗരോർജ്ജ പദ്ധതിയും 3.1 മെഗാവാട്ടിന്റെ ഗ്രൗണ്ട് മൗണ്ടഡ് പദ്ധതിയും കെ.എസ്.ഇ.ബി.എൽ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ കെട്ടിടങ്ങൾ എന്നിവിടങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>ബ്രഹ്മപുരം അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി.യുടെ അധീനതയിലുള്ള സ്ഥലത്ത് 8 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ച് വർക്ക് ഓർഡർ നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>സർക്കാർ ഓഫീസുകളിലെ മേൽക്കൂരകളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ 8 കളക്ടറേറ്റുകളിലെ മേൽക്കൂരകളിൽ 380 KWP ശേഷിയുടെ സൗരോർജ്ജ പദ്ധതിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ ജില്ലാ പഞ്ചായത്തുകളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ ആകെ 4.45 മെഗാവാട്ടിന്റെ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (ബി) | വൈദ്യുതി വകുപ്പിന്റെ നേതൃത്വത്തിൽ സർക്കാർ ഓഫീസുകൾ, സ്വകാര്യ കെട്ടിടങ്ങൾ എന്നിവിടങ്ങളിൽ സോളാർ പാനൽ സ്ഥാപിക്കാൻ പദ്ധതിയുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | | |
| (സി) | വൈദ്യുതി വകുപ്പിന്റെ നേതൃത്വത്തിൽ സോളാർ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ഏതെങ്കിലും പദ്ധതി നിലവിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ